# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **456**

**10.06.2014**- ലെ മറുപടിക്ക്

<u>സഹകരണ ആശുപത്രികളുടെ കാര്യക്ഷമത</u>

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ എത്ര ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ 87 ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് . |
| ബി) ഇത്തരം ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) കേരളത്തിൽ സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശ്രീ. കെ.എ.ചന്ദ്രൻ എക്സ്. എം.എൽ.എ അദ്ധ്യക്ഷനായി ഒരു പഠന കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.<br>ഇതിനു പുറമെ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി ഓഹരി (പരമാവധി 10 ലക്ഷം രൂപ), ആംബുലൻസ് വാങ്ങുന്നതിന് സബ്സിഡി (പരമാവധി 10 ലക്ഷം രൂപ), ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായം (പരമാവധി 60 ലക്ഷം രൂപ), ബ്ലഡ് ബാങ്ക് /ആധുനിക ലാബ് തുടങ്ങുന്നതിനുള്ള സഹായം (പരമാവധി 50 ലക്ഷം രൂപ), കെട്ടിട നിർമ്മാണത്തിന് സബ്സിഡി (പരമാവധി 10 ലക്ഷം രൂപ) എന്നിവയും നല്കി വരുന്നു. കൂടാതെ എൻ.സി.ഡി.സിയിൽ നിന്നും, നബാർഡിന്റെ ആർ.ഐ.ഡി.എഫ് ൽ ഉൾപ്പെടുത്തിയും പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകി വരുന്നുണ്ട്. |
| സി) ആശുപത്രി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) പഠനകമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസിൽ ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനവും പ്രവർത്തനാന്തരീക്ഷവും ഉറപ്പുവരുത്തുന്ന വിഷയം കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**